LIBRARY ARCHIVES Kerala Legislative Assembly

അഞ്ചൽ ബൈപ്പാസ് റോഡ്

261(3147) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉത്ഘാടനം നിർവ്വഹിച്ച, പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതും രണ്ടര കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ പൂർത്തീകരിച്ചതുമായ അഞ്ചൽ ബൈപാസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചതിന്റെ കാരണം വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പ്രവർത്തിയുടെ തുടർ പ്രവർത്തനങ്ങൾക്ക് എത്ര തുക ആവശ്യമുണ്ടെന്നും ആയത് എന്ന് അനുവദിക്കുമെന്നും ആയതിലേക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; നിർത്തിവച്ചിട്ടുള്ള പ്രസ്തുത ബൈപ്പാസ് റോഡിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

അഞ്ചൽ ബൈപ്പാസിന്റെ അനുമതി കിട്ടിയ ഭാഗത്തെ സംരക്ഷണ ഭിത്തിയുടെ വേലകൾ ഏകദേശം പകുതി ഭാഗം പൂർത്തിയായിട്ടുണ്ട്. തുടർവേലകൾ ചെയ്യണമെങ്കിൽ മേൽപ്പറഞ്ഞ ഭാഗം മണ്ണിട്ട് ഉയർത്തിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളൂ. മണ്ണെടുക്കുവാൻ ആവശ്യമായ അനുമതി ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. അനുമതി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. നിലവിൽ ഏകദേശം 15 കോടിയോളം രൂപ ബാക്കി പണികൾക്ക് ആവശ്യമാണ്. ആയതിലേക്കുള്ള എസ്റ്റിമേറ്റ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

262(3148) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏതെല്ലാം നിയോജക മണ്ഡലങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ ഫണ്ട് അനുവദിക്കാത്ത നിയോജകമണ്ഡലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജക മണ്ഡലങ്ങൾക്ക് അടിയന്തരമായി ഫണ്ട് അനുവദിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?